"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- പ്ലാനിംഗ്-ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ശ്രീ.രാമചന്ദ്രൻ.എ.എസ്, സീനിയർ ടൗൺ പ്ലാനർ ( Rtd)ഫയൽ ചെയ്ത OA 2046/2021-ാം നമ്പർ ഹർജിയിലെ 20/05/2025 തീയതിയിലെ ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(സാധാ) നം.2205/2025/LSGD തീയതി,തിരുവനന്തപുരം, 15-09-2025

---

പരാമർശം:-

1. 24/02/2009 തീയതിയിലെ 14/2009/ഫിൻ നമ്പർ സർക്കുലർ
2. 19/06/2010 തീയതിയിലെ 56/2010/ഫിൻ നമ്പർ സർക്കുലർ
3. 29/06/2012 തീയതിയിലെ 41/2012/ഫിൻ നമ്പർ സർക്കുലർ
4. ചീഫ് ടൗൺ പ്ലാനറുടെ 03/12/2016 ലെ A3-11177/2015 നടപടിക്രമം
5. സ.ഉ (കൈ) നമ്പർ 140/2018/തസ്വഭവ തീയതി 29/09/2018
6. സ.ഉ (സാധാ) നമ്പർ 632/2019/തസ്വഭവ തീയതി 15/03/2019
7. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ O.A. 2046/2021-ാം നമ്പർ ഹർജിയിലെ 20/05/2025 തീയതിയിലെ ഉത്തരവ്

**<u>ഉത്തരവ്</u>**

നഗരാസൂത്രണ വകുപ്പിൽ ടൗൺ പ്ലാനർ തസ്തികയിൽ സേവനമനുഷ്ഠിച്ചു വരവെ ശ്രീ.രാമചന്ദ്രൻ.എ.എസ്-ന് പരാമർശം (4) പ്രകാരം വിദേശത്ത് ജോലിയ്ക്കായി ശൂന്യവേതനാവധി അനുവദിച്ചിരുന്നു. പ്രസ്തുത ശൂന്യവേതനാവധി കഴിഞ്ഞ് 01/07/2018-ൽ വകുപ്പിൽ നിയമനത്തിനായി യഥാസമയം അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം(5) പ്രകാരം ഗോശ്രീ ഐലന്റ് വികസന അതോറിറ്റിയിലെ പ്രോജക്ട് ഡയറക്ടർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ ശ്രീ.രാമചന്ദ്രനെ നിയമിച്ച് ഉത്തരവായി. ടിയാൻ നിയമനത്തിനായി കാത്തുനിന്ന 02.07.2018 മുതൽ 30.09.2018 വരെയുള്ള കാലയളവ് ക്രമവത്കരിക്കണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷ പരിശോധിച്ച് പ്രസ്തുത കാലയളവ് നോൺഡ്യൂട്ടിയായി പരിഗണിച്ച് പരാമർശം(6) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് നിയമനത്തിനായി കാത്തിരുന്ന ടി

കാലയളവ് ഡ്യൂട്ടിയായി ക്രമീകരിക്കണമെന്ന് ആവശ്യപ്പെട്ട് ടിയാൻ അപ്പീൽ അപേക്ഷ സമർപ്പിക്കുകയും 30.08.2019-ന് ടിയാനെ നേരിൽ കേൾക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടിയാൻ നിയമനത്തിനായി കാത്തിരുന്ന കാലയളവിൽ ടൗൺ പ്ലാനറുടെ കേഡർ തസ്തികയിൽ ഒഴിവില്ലാത്തതിനാൽ ടി കാലയളവ് ഡ്യൂട്ടിയായി ക്രമീകരിക്കാനാകില്ലന്ന് അറിയിച്ചു കൊണ്ട് അപ്പീൽ നിരസിക്കുകയും ചെയ്തിരുന്നു.

2. ശ്രീ.രാമചന്ദ്രൻ എ.എസ്. നിയമനത്തിനായി കാത്തു നിന്ന കാലയളവ് ഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവാകണമെന്ന് അഭ്യർത്ഥിച്ച് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ OA No. 2046/2021 ഫയൽ ചെയ്തിരുന്നു. ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം(7) പ്രകാരമുള്ള ഉത്തരവിൽ അനക്ഷർ A12&A14 റദ്ദ് ചെയ്യുകയും, ശ്രീ. രാമചന്ദ്രൻ എ.എസ്. നിയമനത്തിനായി കാത്തിരുന്ന 1.7.2018 മുതൽ 29.9.2018 വരെ കാലയളവ് ഡ്യൂട്ടിയായി ക്രമീകരിച്ച്, പ്രസ്തുത കാലയളവിലെ എല്ലാ ആനുകൂല്യങ്ങളും അനുവദിച്ചു നൽകുന്നതിന് അനുമതി നൽകിക്കൊണ്ട് ഒന്നാം എതിർകക്ഷി ഉത്തരവ് പുറപ്പെടുവിക്കുവാൻ നിർദ്ദേശിക്കുകയുമുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു.

3. കെ.എസ്.ആർ ഭാഗം ഒന്ന് ചട്ടം 12(7) ന് താഴെയുള്ള കുറിപ്പ് (4) പ്രകാരം ഒരു സർക്കാർ ജീവനക്കാരൻ, അവധി കഴിഞ്ഞോ പരിശീലനം കഴിഞ്ഞോ അന്യത്ര സേവനം കഴിഞ്ഞോ, അല്ലെങ്കിൽ മുൻ നിയമന കാലാവധി കഴിഞ്ഞോ മടങ്ങി വരുമ്പോൾ, അയാൾ റിപ്പോർട്ടു ചെയ്ത തീയതിക്കും ഡ്യൂട്ടിയിൽ ചാർജെടുത്ത തീയതിക്കും ഇടയ്ക്കുള്ള ഇടവേളയെ, ഉത്തരവ് കൈപ്പറ്റിയ തീയതിക്കും അയാൾ ഡ്യൂട്ടി ഏറ്റെടുത്ത തീയതിക്കും ഇടയ്ക്കുള്ള ഇടവേള യാതൊരു സംഗതിയിലും ചട്ടം 125(a) പ്രകാരം അനുവദനീയമായ ജോയിനിംഗ് സമയത്തെ മറികടക്കാത്ത പക്ഷം, ഡ്യൂട്ടിയായി കണക്കാക്കാവുന്നതാണ്. എന്നാൽ കെ.എസ്.ആർ ഭാഗം I ചട്ടം 23(a) പ്രകാരം ഒരു തസ്തികയിൽ ശമ്പളവും അലവൻസുകളും ലഭിക്കുന്നതിന് തസ്തികയിൽ ഒഴിവ് ആവശ്യമാണ്. നിയമനത്തിനായി കാത്തിരിക്കേണ്ടി വരുന്ന കാലയളവിൽ തസ്തികയിൽ ഒഴിവുണ്ടെങ്കിൽ ഡ്യൂട്ടിയായും ഇല്ലെങ്കിൽ അവധിയായുമാണ് ക്രമീകരിക്കുന്നത്. ഒഴിവിന്റെ അഭാവത്തിൽ ഡ്യൂട്ടിയായി ക്രമീകരിച്ചാൽ ഒരു തസ്തികയിൽ രണ്ടു പേർക്ക് ശമ്പളം നൽകേണ്ട അവസ്ഥയുണ്ടാകും. ആയതിനാൽ നിയമനത്തിനായി കാത്തുനിന്ന കാലയളവിൽ ഒഴിവ് നിലവിലില്ലാത്ത പക്ഷം പ്രസ്തുത കാലയളവ് അർഹതപ്പെട്ട അവധിയായി ക്രമീകരിക്കുന്നതിന് മാത്രമേ വ്യവസ്ഥയുള്ളൂ. ഈ കേസിൽ അനുബന്ധം 12-എ പ്രകാരമുള്ള അവധിയോടൊപ്പം മറ്റ് തരത്തിലുള്ള അവധി ആനുകൂല്യങ്ങൾ ചേർത്ത് അനുവദിക്കുവാൻ ചട്ടങ്ങളിൽ വ്യവസ്ഥ ഇല്ലാത്തതാണ്. കൂടാതെ ടികാലയളവിൽ വകുപ്പിൽ നിലവിലുണ്ടായിരുന്നുവെന്ന്

അപേക്ഷകൻ വാദിക്കുന്ന GIDA -യിലെ ഒഴിവ് വകുപ്പിന്റെ കേഡർ തസ്തികയിലെ ഒഴിവ് അല്ല എന്ന കാരണത്താലാണ് ശ്രീ.രാമചന്ദ്രൻ എ എസ് നിയമനത്തിനായി കാത്തുനിന്ന 01.07.2018 മുതൽ 30.09.2018 വരെയുള്ള കാലയളവ് നോൺഡ്യൂട്ടിയായി പരിഗണിച്ച് പരാമർശം(6) ഉത്തരവ് പുറപ്പെടുവിച്ചിരുന്നത്.

4.എന്നിരുന്നാലും ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം(7) പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം പുന:പരിശോധിച്ചതിന്റെ ഭാഗമായി പരാമർശം(1), (2) സർക്കുലറിലെ നിർദ്ദേശം അപേക്ഷകൻ പാലിച്ചിരിക്കുന്നതിനാൽ പരാമർശം(3) സർക്കുലറിന്റെ വെളിച്ചത്തിൽ പരിഗണിച്ച് ശ്രീ. രാമചന്ദ്രൻ എ എസ് നിയമനത്തിനായി കാത്തിരുന്ന 2.7.2018 മുതൽ 30.9.2018 വരെ കാലയളവ്, കെ.എസ്.ആർ ഭാഗം I ലെ ചട്ടം 12(7) ന് ചുവടെയുള്ള കുറിപ്പ് 4 പ്രകാരം ഡ്യൂട്ടിയായിക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. അപ്രകാരം O A 2046/2021 -യിൽ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച 20/05/2025 തീയതിയിലെ ഉത്തരവ് നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SUMI SANDIPIKA G MASTERLEY

അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് മുഖാന്തിരം)

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് ടൗൺ പ്ലാനർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ശ്രീ.രാമചന്ദ്രൻ എ.എസ്, സീനിയർ ടൗൺ പ്ലാനർ ( Rtd), പ്ലാനിംഗ്, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം ( പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം

വെബ്&ന്യൂ മീഡിയ, ഐ.& പി.ആർഡി

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി ( ഫയൽ നം. EWB3/181/2024-LSGD)

Signed by
Keerthi I P
Date: 15-09-2025 13:59:52